# 2 കോറി 2:12–17 (1:23–2:17) മത്താ 20:1–16

ഒക്ടോ 11: ഏലിയാ, സ്ലീവ, മൂശ ഏഴാം ഞായർ

## ഭാഷ്യം

## 2 കോറി 2:12–17 (1:23–2:17)

### I. സന്ദർഭം

വി. പൗലോസ് കോറിന്തോസിലെ സഭയ്ക്ക് എഴുതിയ രണ്ടാമത്തെ കത്തിന്റെ മുഴുവൻ പശ്ചാത്തലം വ്യക്തമല്ല. കോറിന്തിൽ നിലവിലിരുന്ന അനൈക്യവും ഗ്രൂപ്പുവഴക്കുകളും നേതൃത്വത്തെക്കുറിച്ചുള്ള തെറ്റായ ധാരണയും ആദ്യത്തെ കത്തെഴുതാൻ മതിയായ കാരണങ്ങളായിരുന്നു. പൗലോസിന്റെ അപ്പസ്തോല സ്ഥാനത്തെ ചോദ്യം ചെയ്യുന്നവരും സുവിശേഷ സന്ദേശത്തിൽ മായം ചേർക്കുന്നവരും കോറിന്തിൽ ഉണ്ടായിരുന്നതായി രണ്ടാമത്തെ കത്തിൽ നിന്ന് മനസ്സിലാക്കാം. അവർ പൗലോസിന് വരുത്തിവച്ച മാനസിക വ്യഥ കുറച്ചൊന്നുമല്ല. ഇതാണ് ഇന്നത്തെ വായനയുടെ പശ്ചാത്തലം.

### II. പ്രമേയം

1. ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നത് കൂട്ടായ ഒരു യത്നമായിട്ടാണ് പൗലോസ് കാണുന്നത്. മനസ്സിനിണങ്ങിയ ഒരു സഹപ്രവർത്തകനെ ലഭിക്കുന്നത് സുവിശേഷ വേലയിൽ വലിയ അനുഗ്രഹമാണ്.

2. സുവിശേഷ പ്രവർത്തനങ്ങളുടെ വിജയം ദൈവം നല്കുന്നതാണ്.

3. ദൈവ വചനത്തിൽ മായം ചേർക്കുന്ന സുവിശേഷ പ്രഘോഷകരുണ്ട്. അവരെ സംബന്ധിച്ചിടത്തോളം സുവിശേഷ പ്രസംഗം ഒരുതരം കച്ചവടമാണ്. ലാഭമാണല്ലോ കച്ചവടത്തിന്റെ ലക്ഷ്യം. ലാഭേച്ഛയോടെ വചനം പ്രസംഗിക്കുന്നവരിൽ നിന്ന് തികച്ചും വ്യത്യസ്തനാണ് പൗലോസ്. ദൈവസന്നിധിയിൽ വിശ്വസ്തനായി കാണപ്പെടുക എന്ന ലക്ഷ്യമേ പൗലോസിനുള്ളൂ.

### III. സന്ദേശം

1. സഭയുടെ ആരംഭം മുതലേ ഉണ്ടായിരുന്നു വ്യാജോപദേഷ്ടാക്കൾ. കുഞ്ഞാടുകളുടെ രൂപത്തിൽ നിങ്ങളെ സമീപിക്കുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളണമെന്ന് ഈശോ പറഞ്ഞിട്ടുണ്ടല്ലോ. എഫേസൂസിലെ സഭാശ്രേഷ്ഠന്മാരെ മിലേറ്റഡിൽ വിളിച്ചുകൂട്ടി അവരോടു യാത്ര പറയുന്ന അവ

സരത്തിൽ അപ്പസ്തോലൻ വ്യാജപ്രവാചകന്മാരെയും പ്രബോധകരെയുംക്കുറിച്ച് പ്രത്യേകം പരാമർശിക്കുകയുണ്ടായി. "എന്റെ വേർപാടിനു ശേഷം ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെ മധ്യേ വരുമെന്നും അവ അജഗണത്തെ വെറുതെ വിടുകയില്ലെന്നും എനിക്കറിയാം. ശിഷ്യരെ ആകർഷിച്ച് തങ്ങളുടെ പിന്നാലെ കൊണ്ടു പോകാൻ വേണ്ടി സത്യത്തെ വളച്ചൊടിച്ച് പ്രസംഗിക്കുന്നവർ നിങ്ങളുടെയിടയിൽ തന്നെ ഉണ്ടാകും. അതിനാൽ, നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുവിൻ" (അപ്പ 20:28-30).

2. പൗലോസ് മുന്നറിയിപ്പു നല്കുന്ന ഈ അപകടം സഭയിൽ എല്ലാക്കാലത്തും നിലനില്ക്കുന്നുണ്ട് സുവിശേഷ പ്രഘോഷണത്തെ കച്ചവടമായി കണക്കാക്കി അതിൽ നിന്ന് ലാഭം കൊയ്യാൻ ശ്രമിക്കുന്ന അനേകം ആളുകൾ ഉണ്ട്. തങ്ങളുടെ സ്വാർത്ഥലാഭത്തിനും പ്രശസ്തിക്കും വേണ്ടി സുവിശേഷ സന്ദേശത്തെ വികലമാക്കി അവതരിപ്പിക്കുകയും അതുവഴിയായി സാമ്പത്തിക ലാഭം നേടുകയും ചെയ്യുന്ന സെക്ടുകളും വിഘടിത ഗ്രൂപ്പുകളും ധാരാളമായുള്ള ഇന്നത്തെ സാഹചര്യത്തിൽ പൗലോസ് നല്കുന്ന ഈ മുന്നറിയിപ്പിന് സവിശേഷാൽ പ്രസക്തിയും പ്രധാന്യവുമുണ്ട്. ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാൻ കർത്താവ് ആവശ്യപ്പെടുന്നത് ഇങ്ങനെയുള്ളവരെ വിവേചിച്ചറിയാൻ സഹായിക്കും.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ 20:1-16

## I. സന്ദർഭം

മത്തായിയുടെ സുവിശേഷത്തിന്റെ തുടക്കത്തിൽ യേശു ക്രിസ്തുവും ദൈവപുത്രനുമാണെന്ന് വ്യക്തമാക്കുന്നു (1:1-4:11). തുടർന്ന്, ദൈവപുത്രനായ യേശു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനും സ്വർഗ്ഗപിതാവിന്റെ മക്കളാകാനുമുള്ള വഴി പഠിപ്പിക്കുന്നു (4:12-11:1). എന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ പ്രോക്താവായ ദൈവപുത്രനെ ശ്രോതാക്കൾ അവിശ്വസിക്കുന്നു. യൂദനേതാക്കൾ അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നു (11:2-13:52). എന്നാൽ ശിഷ്യർ യേശുവിൽ വിശ്വസിക്കുന്നു. ദൈവപുത്രനിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭയെ യേശു രൂപീകരിക്കുന്നതാണ് 14:1-18:35 ലെ പ്രമേയം. യേശുവും യൂദനേതാക്കളും തമ്മിലുള്ള സംഘർഷം രൂക്ഷമാകുന്നതാണ് 19:1-25:46 വിവരിക്കപ്പെടുന്നത്. അതിന്റെ ആദ്യഭാഗത്താണ് മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയും (20:1-16), മൂന്നാം പീഢാനുഭവ പ്രവചനവും (20: 17-19).

## II. പ്രമേയം

മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയാണ് ഇന്നത്തെ വചനഭാഗം. നിത്യജീവൻ അവകാശമാക്കലും(19:16), സ്വർഗ്ഗരാജ്യപ്രവേശനവുമാണ് (19:23) ഈ ഉപമയുടെ പശ്ചാത്തല പ്രമേയങ്ങൾ. സ്വർഗ്ഗരാജ്യത്തിൽ മുമ്പൻമാർ

പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരുമാകുമെന്നാണ് യേശുവിന്റെ പഠനം (19:36). ഇതു തന്നെയാണ് ഈ ഉപമയുടെയും പ്രമേയമായി ആവർത്തിക്കപ്പെടുന്നത് (20:16).

## III. സന്ദേശം

1. ചന്തസ്ഥലത്ത് ചിലർ അലസരായി നിൽക്കുന്നതായി കണ്ടുവെന്നാണ് വചനം (20:3). അലസരായി നിൽക്കുന്നവരെയാണ് പിന്നീടും വീട്ടുടമസ്ഥൻ വിളിക്കുന്നത് (20:6). അലസരെ അധ്വാനത്തിലേക്ക് വിളിക്കുന്നതാണ് നാം ആവർത്തിച്ചു കാണുന്നത്. ദൈവരാജ്യത്തിന്റെ രീതി അതാണ്-അലസത വിട്ട് അധ്വാനിക്കുക. തമ്പുരാൻ നിന്നെ വിളിക്കുന്ന അധ്വാനത്തിന്റെ വഴികളെ നീ തിരിച്ചറിയുക. തമ്പുരാൻ വിളിച്ചു തരുന്ന അധ്വാനങ്ങളാകട്ടെ നിന്റെ ജീവിതം.

2. കൃഷിയേയും കർഷകനേയും ദൈവരാജ്യത്തോടും ദൈവത്തോടും ഉപമിക്കുകയാണ് യേശു ഇവിടെ ചെയ്യുന്നത്. ദൈവം ഒരു കർഷകനാണെന്ന ചിന്ത കർഷകർക്ക് അഭിമാനം പകരും. കാർഷികവൃത്തിയിൽ ഒരു ദൈവികത ഉൾച്ചേർന്നിരിക്കുന്നു എന്നതാണ് സത്യം. കാരണം, ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിലാണ് കർഷകൻ പങ്കുചേരുന്നത്. കൃഷിക്കും കാർഷിക പ്രവർത്തികൾക്കുമുള്ള സാധ്യതകളെ നീ ഉപയോഗിക്കുക. എത്ര ചെറുതാണെങ്കിലും നീ അവയെ തള്ളിക്കളയരുത്. ഒരു വാഴയോ തെങ്ങോ കുഴിച്ചു വയ്ക്കാനുള്ള സാധ്യത മാത്രമാണെങ്കിലും നീ അത് ഉപേക്ഷിക്കരുത്. കാരണം തമ്പുരാന്റെ സൃഷ്ടികർമ്മത്തിൽ പങ്കെടുക്കാനുള്ള അവസരമാണ് ഓരോ മരം നടീലിന്റെയും അവസരം.

3. ആദ്യം വന്നവരുടെ പരാതി, പകലിന്റെ അധ്വാനവും ചൂടും സഹിച്ച അവരെ അതു സഹിക്കാത്തവരോട് തുല്യരാക്കി എന്നതാണ് (20:12). അവർ പറഞ്ഞത് സത്യമാണുതാനും. ഇവിടെ ശ്രദ്ധിക്കേണ്ടത്, തങ്ങളുടെ കഷ്ടതകളിലാണ് അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് എന്നതാണ്. അല്ലാതെ തോട്ടത്തിൽ ജോലി ചെയ്യുന്നതിന്റെ സന്തോഷങ്ങളിലല്ല അവരുടെ മനസ്സിന്റെ ഫോക്കസ്. അതുകൊണ്ടുതന്നെ തോട്ടത്തിലെ ജോലി അവർക്ക് ക്ലേശപൂർണ്ണമായ അധ്വാനമായി മാറുന്നു. അല്ലാതെ സന്തോഷകരമായ ആസ്വാദനമാകുന്നില്ല.

നിന്റെ അധ്വാനങ്ങളെ ആസ്വദിക്കാൻ നിനക്കാകണം. അപ്പോഴാണ് നിന്റെ ജീവിതം തൃപ്തിയുള്ളതാകുന്നത്. നിന്റെ കുടുംബജീവിതത്തിൽ അധ്വാനമുണ്ട്, ജോലിസ്ഥലത്ത് അധ്വാനമുണ്ട്. അവയെയൊക്കെ ആസ്വദിക്കാൻ നീ പഠിക്കുക. Enjoy what you do. നിന്റെ ജോലിയും കടമകളും പകർന്നു തരുന്ന സുഖാനുഭവങ്ങളെ നീ ശ്രദ്ധിക്കണം; അവയിലേക്ക് ഹൃദയം ഫോക്കസ് ചെയ്യണം. അപ്പോൾ നിന്റെ ജീവിതം സന്തോഷപ്രദമാകാൻ തുടങ്ങും.

**ഡോ. ജേക്കബ് നാലുപറയിൽ**

# പ്രസംഗം:

## ഞങ്ങളോട് അവരെ നീ തുല്ല്യരാക്കിയല്ലോ!

വികലാംഗരായ കുട്ടികളുടെ ഓട്ടമത്സരം നടക്കുകയാണ്. മത്സരാർത്ഥികളുടെയും അവരെ മത്സരിപ്പിക്കാൻ കൊണ്ടുവന്നവരുടെയും മുഖഭാവങ്ങളിൽ നിന്ന് മത്സരത്തിന്റെ ആവേശവും പിരിമുറക്കവുമൊക്കെ വ്യക്തമാണ്. വിസിൽ മുഴങ്ങി, മത്സരം തുടങ്ങി. തങ്ങളുടെ ശാരീരിക ബലഹീനതകളെ മറന്ന് അവർ മത്സരിക്കുകയാണ്. പക്ഷേ പാതിവഴിയിൽ വച്ച് ഒരു കൊച്ചുമിടുക്കൻ തളർന്നു വീണു. കൂട്ടത്തിലൊരാളുടെ വീഴ്ച മറ്റുള്ളവരെ നിശബ്ദരാക്കി. അവർ പോരാട്ടം പാതിവഴിയിൽ നിർത്തി. തളർന്നുവീണ കുട്ടിയെ തോളിലേറ്റി കണ്ടുനിന്നവരെ അതിശയിപ്പിച്ച് ഒരുമിച്ച് അവർ ഫിനീഷിംഗ് പോയിന്റ് കടന്നു. ഒന്നാമത് എത്തുന്നതിലല്ല ഒരുമിച്ച് എത്തുന്നതിലാണ് വിജയം എന്നവർ പഠിപ്പിച്ചു. എന്നാൽ തുല്ല്യതയോടെ പരിഗണിച്ചുവല്ലോ എന്നതാണ് ഇന്നത്തെ സുവിശേഷത്തിലെ പരാതി!

സുവിശേഷത്തിലെ 12-ാം തിരുവചനം ഇപ്രകാരമാണ്, "പകലിന്റെ അധ്വാനവും ചുടും സഹിച്ച ഞങ്ങളോട് അവരെ നീ തുല്ല്യരാക്കിയല്ലോ." തുല്ല്യരാക്കപ്പെടുന്നതിൽ അസ്വസ്ഥതപ്പെടുന്ന സമൂഹം അന്നും ഇന്നും സമൃദ്ധമാണ്. ധൂർത്തപുത്രന്റെ ഉപമയിൽ മൂത്തമകന്റെ ഭാവവും ഇതുതന്നെയായിരുന്നു. തകർന്നു തിരികെ വന്ന സ്വന്തം അനുജനെ പിതാവു പരിഗണിക്കുന്നതിൽ പരിഭവം കണ്ടെത്തിയവനാണ് മൂത്തമകൻ. തന്നെപ്പോലെ പരിഗണിക്കപ്പെടാൻ അർഹതയില്ലാത്തവനാണ് തന്റെ സഹോദരൻ എന്നതായിരുന്നു അവന്റെ മനോഗതം.

ആധുനിക സമൂഹത്തിലെ അലിഖിത നിയമങ്ങളാണ്, പണമുള്ളവർക്കു മുൻഗണനയും, അധികാരമുള്ളവർക്ക് ആനുകൂല്യങ്ങളും. അതുകൊണ്ടായിരിക്കുമല്ലോ കോടീശ്വരന്റെ ബാങ്ക് വായ്പകൾ എഴുതിതള്ളുന്നതും, സാധാരണക്കാരന്റെ വായ്പകൾ പിടിച്ചുവാങ്ങുന്നതും! എന്നാൽ പണമുള്ളവനെയും ഇല്ലാത്തവനെയും ഒരേ പന്തിയിൽ ഭക്ഷണത്തിനിരുത്താൻ നമ്മിൽ എത്ര പേർക്ക് സാധിക്കും?! പള്ളിയോഗങ്ങളായാലും മറ്റ് സമ്മേളനങ്ങളായാലും സാധാരണക്കാരൻ ഇന്നും ശബ്ദമില്ലാത്തവനല്ലേ!!! അപരനെ അന്യനായിട്ടല്ല അയല്ക്കാരനായി കാണണമെന്നതാണ് ഈ സുവിശേഷത്തിന്റെ സ്വർഗ്ഗപാഠം: ആദ്യ മണിക്കൂറിൽ വന്നവർക്കും അവസാന മണിക്കൂറിൽ വന്നവർക്കും ഒരേ കൂലി കൊടുക്കുന്ന ദൈവനീതിയെ തിരിച്ചറിയണമെന്നുണ്ടെങ്കിൽ പണക്കാരനും പാവപ്പെട്ടവനും അറിവുള്ളവനും ഇല്ലാത്തവനും മനുഷ്യനിർമ്മിതമാണ് എന്ന തിരിച്ചറിവ് സ്വന്തമാക്കേണ്ടതുണ്ട്.

ഗലാത്തിയർക്ക് എഴുതിയ ലേഖനം 3-ാം അധ്യായം 28-ാം വാക്യത്തിൽ

വി. പൗലോസ് ഇപ്രകാരം ഓർമ്മിപ്പിക്കുന്നുണ്ട്, "യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്. മത്തായിയുടെ സുവിശേഷം 5:45; "അവിടുന്ന് ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു." വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഈ നിയമങ്ങൾ മുൻവിധിയോ, പക്ഷപാതപരമോ കൂടാതെ പാലിക്കാൻ ദൈവത്തിന്റെയും യേശുക്രിസ്തുവിന്റെയും തിരെഞ്ഞെടുക്കപ്പെട്ട ദൂതന്മാരുടെയും മുമ്പാകെ ഞാൻ നിന്നെ ചുമതലപ്പെടുത്തുന്നു" (1 തിമോ 5:21). തമ്പുരാന്റെ മനസ്സ് ആവശ്യപ്പെടുന്നത് വലുപ്പ ചെറുപ്പങ്ങളില്ലാതെ, വിവേചനങ്ങളില്ലാതെ, പരിധിയില്ലാതെ അപരനെ സ്നേഹിക്കണം എന്നതാണ്.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അളവുകോലുകൾ നിർമ്മി ക്കുന്നത് കപടതയുടെ രൂപമാണ്. നിന്റെ അയൽപക്കകാരെ, ബന്ധുക്കളെ, സമ്പത്തിന്റെയും അധികാരത്തിന്റെയും മാത്രം സൂത്രവാക്യങ്ങളിലൂടെ സ്നേഹിക്കാൻ പഠിച്ചാൽ ആവശ്യനേരത്ത് കൂടെ കരം പിടിക്കാൻ ശൂനത മാത്രമേ സ്വന്തമായി ഉണ്ടാവുകയുള്ളൂ!

അതിനാൽ പ്രിയമുള്ളവരേ, തുല്ല്യരാക്കപ്പെടുന്നതിൽ നമുക്കു സന്തോഷിക്കാം. കാരണം അവിടുത്തെ ഹൃദയം അതാഗ്രഹിക്കുന്നു. തമ്പുരാന്റെ ഹിതം പോലെ എന്റെ മുൻഗണനാ പട്ടികയിൽ പണവും അധികാരവും അല്ല പരസ്നേഹവും പരോപകാരവും ആണ് സ്ഥാനം പിടിക്കേണ്ടത്.

**ഡോ. മജോ മരോട്ടിക്കൽ**

---

*......പേജ് 104-ൽ നിന്ന് തുടർച്ച*

ഫ്രാൻസീസ് കുനിഞ്ഞ് പൂക്കളിൽ കുറെ എടുത്ത് മണത്തു, തുടർന്ന് ചെവിയിലും തലയിലും വച്ചുകൊണ്ടു പറഞ്ഞു: "എന്തിനാണിങ്ങനെ ആശ്ചര്യപ്പെടുന്നത്. നമുക്ക് ചുറ്റുമുള്ളതെല്ലാം അത്ഭുതമല്ലേ. നമ്മൾ കുടിക്കുന്ന വെള്ളം അത്ഭുതമല്ലേ? നാം നടക്കുന്ന ഈ ഭൂമി ഒരു അത്ഭുതമല്ലേ? സന്ധ്യക്ക് നക്ഷത്രങ്ങളുമായി ഇറങ്ങിവരുന്ന രാത്രി അത്ഭുതമല്ലേ? ചന്ദ്രനും സൂര്യനും അത്ഭുതമല്ലേ?"

നമ്മിലും നമ്മിലൂടെ ചുറ്റിലും നടക്കുന്ന അത്ഭുതങ്ങൾ നിരവധിയാണ്. അവ കാണാനുള്ള കണ്ണുണ്ടോ എന്നതാണ് ചോദ്യം. അത്ഭുതങ്ങൾ കാണാനുള്ള വിശ്വാസത്തിന്റെ കണ്ണുള്ളവൻ നാഥാ, പോകരുതേ കൂടെ വസിക്കണേ എന്നു പറയണം. അതില്ലാത്തവരോ, തങ്ങളുടെ നഗരം വിട്ടു പോകണമെന്നു പറയും (8:34).

**ഡോ. ജെ. നാലുപറയിൽ**